# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഏപ്രിൽ 8

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2017 അഡ്മിഷൻ റഗുലർ, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 14ന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 10 വരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപയും അടയ്ക്കണം.

(പി.ആർ.ഒ./39/693/2019)

**അപേക്ഷ തീയതി നീട്ടി**

2019 മെയിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/694/2019)

**എം.ബി.എ. പ്രവേശനം; ഓൺലൈൻ രജിസ്‌ട്രേഷൻ 15 വരെ**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ എം.ബി.എ. പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 15 ന് അവസാനിക്കും.. www.admission.mgu.ac.in എന്ന ലിങ്ക് വഴി ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിശദവിവരത്തിന് ഫോൺ: 9495544375. ഇമെയിൽ: citadhelp@mgu.ac.in

(ദയവായി എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു)

(പി.ആർ.ഒ./39/695/2019)

**പി.ജി. പ്രവേശനം; ഓൺലൈൻ രജിസ്‌ട്രേഷൻ 15 വരെ**

മഹാത്മാ ഗാന്ധി സർവകലാശാല നേരിട്ട് നടത്തുന്ന വിവിധ പഠനവകുപ്പുകളിലെ എം.എ., എം.എസ്‌സി., എം.ടി.ടി.എം. എൽ.എൽ.എം., എം.എഡ് എന്നീ പി.ജി. പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായുള്ള CAT 2019 പ്രവേശന പരീക്ഷയ്ക്ക് ഏപ്രിൽ 15 വരെ അപേക്ഷിക്കാം. www.cat.mgu.ac.in എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വിശദവിവരത്തിന് ഫോൺ: 0481-2733615, ഇമെയിൽ: catcellmguniversity@gmail.com.

(ദയവായി എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു)

(പി.ആർ.ഒ./39/696/2019)

**പരീക്ഷ ഫലം**

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/697/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ